പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **188**

**05.02.2018** ൽ മറുപടിയ്ക്ക്

**മണൽ ക്ഷാമം മൂലം നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) മണൽക്ഷാമം മൂലം സംസ്ഥാനത്തെ നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;<br><br>(സി) വിദേശമണൽ ഇറക്കുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കാമോ? | (ബി) & (സി) നിർമ്മാണ മേഖലയിൽ മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പകരം എം.സാന്റ് ഉപയോഗിക്കുന്നുണ്ട്. 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ക്വാറികൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ പാരിസ്ഥിതികാനുമതി നൽകുന്ന ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)യുടെ പ്രവർത്തനം ത്വരിതപ്പെടുത്തി കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം നിർദ്ദേശം നൽകുകയും ഇതിനെ തുടർന്ന് പാരിസ്ഥിതികാനുമതിക്കായുള്ള 400 ഓളം അപേക്ഷകളിൽ എത്രയും പെട്ടെന്ന് തീർപ്പുകൽപിക്കാൻ ജില്ലാ കളക്ടർമാർക്ക് ചീഫ് സെക്രട്ടറി നിരന്തരമായി നിർദ്ദേശം നൽകി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തന രഹിതമായ പാറമടകൾ തുറന്ന് പ്രവർത്തിച്ച് തുടങ്ങുമ്പോൾ എം.സാന്റ് കൂടുതൽ ലഭ്യമാകും. ഇതോടൊപ്പം തിരഞ്ഞെടുത്ത ഡാമുകളിൽ അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ/ ചെളി എന്നിവ നീക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്ന മണലും, ചെളിയും ഗ്രേഡ് ചെയ്തെടുത്താൽ ആയതും നിർമ്മാണ മേഖലയ്ക്ക് ഉപയുക്തമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ മണൽ ക്ഷാമം |

പരിഹരിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിനായി 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി മണൽ ഉൾപ്പെടെയുള്ള ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും അന്യരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇപ്രകാരം മലേഷ്യയിൽ നിന്നും കേരളത്തിലേക്ക് 88,807 ടൺ മണൽ 2017-18 ൽ ഇറക്കുമതി ചെയ്തിട്ടുള്ളതും ആയതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ്.

Manjith

**സെക്ഷൻ ഓഫീസർ**